നമ്പർ. 2300/പാർല/2020/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 807 05.02.2020- ൽ മറുപടിക്ക്**

**അംഗീകാരം നൽകിയിട്ടില്ലാത്ത ഓർഡിനൻസുകൾ/നിയമങ്ങൾ**

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ഓർഡിനൻസുകൾ/ നിയമങ്ങൾ ഗവർണർ ഒപ്പ വയ്ക്കാതെ തിരിച്ചയയ്ക്കുകയോ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;<br>ഇനിയും അംഗീകാരം നൽകിയിട്ടില്ലാത്ത ഓർഡിനൻ സുകൾ/ നിയമങ്ങൾ ഏതൊ ക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | 2017 ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2018 ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാംഭേദഗതി) ഓർഡിനൻസ്, 2018 ലെ കേരള മുനിസിപ്പാലിറ്റി(രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2020 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്, The Kerala Veterinary and Animal Sciences University (Amendment) Ordinance, 2018 എന്നീ ഓർഡിനൻസുകൾ ബഹു. ഗവർണ്ണർ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. നിയമസഭ പാസ്സാക്കിയ The Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018 എന്ന ബില്ല് ബഹു. ഗവർണ്ണർ ഒപ്പ് വയ്ക്കാതെ തിരിച്ചയച്ചിട്ടുള്ളതാണ്.<br>2020 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നീ ഓർഡിനൻസുകൾ വ്യക്തത വരുത്തി നൽകിയിരുന്നുവെങ്കിലും 29.01.2020 ന് നിയമസഭാ സമ്മേളനം ആരംഭിക്കുവാൻ തീരുമാനിക്കുകയും ഈ ഓർഡിനൻസുകളിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് ബില്ലുകൾ മന്ത്രിസഭായോഗം അംഗീകരിക്കുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസ് ഫയലുകൾ ബഹു.ഗവർണ്ണർ തിരികെ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഏതെല്ലാം ഓർഡിനൻസുകളെ/ നിയമങ്ങളെ സംബന്ധിച്ചാണ് സർക്കാർ ഇപ്രകാരമുള്ള വ്യക്തത വരുത്തി നൽകി യിട്ടുള്ളത്; ഇനി ഏതെ ങ്കിലും വിഷയത്തിൽ ബഹു. ഗവർണ്ണർ ആവശ്യപ്പെട്ട മറുപടി നൽകാൻ ബാക്കിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | 2017 ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2018 ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാംഭേദഗതി) ഓർഡിനൻസ്, 2018 ലെ കേരള മുനിസിപ്പാലിറ്റി(രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2020 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്, The Kerala Veterinary and Animal Sciences University (Amendment) Ordinance, 2018 എന്നീ ഓർഡിനൻസുകൾ സംബന്ധിച്ച് ബഹു. ഗവർണ്ണർ ആവശ്യപ്പെട്ട പ്രകാരം സർക്കാർ വ്യക്തത വരുത്തി നൽകിയിട്ടുണ്ട്. 13-ാം കേരളനിയമസഭ 15-ാം സമ്മേളനത്തിൽ 2015 ഡിസംബർ 17-ാം തീയതി പാസ്സാക്കി ബഹു. രാഷ്ട്രപതിയുടെ അനുമതിയ്ക്കായി അയച്ച 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിനെ സംബന്ധിച്ച സ്പഷ്ടീകരണം കേന്ദ്രസർക്കാരിൽ നിന്നും ഗവർണ്ണർ സെക്രട്ടേറിയറ്റ് വഴി നിയമ വകുപ്പിലേയ്ക്ക് അയക്കുകയും പ്രസ്തുത സ്പഷ്ടീകരണത്തിനുള്ള മറുപടി കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിലേയ്ക്കായി ഗവർണ്ണർ സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. യാതൊരു വിഷയത്തിലും ബഹു.ഗവർണ്ണർ ആവശ്യപ്പെട്ട മറുപടി നൽകാൻ ബാക്കിയില്ല. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ